II ഇ.ബി.XIV-കേരള നിയമസഭ/VII-12

## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 ആഗസ്റ്റ് 24, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മന്ത്രിസ്ഥാനം രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് യു.ഡി.എഫ്. അംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളുമായി നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

38(*361) ഇറച്ചിക്കോഴി ഉത്പാദനത്തിൽ സ്വയംപര്യാപ്തത

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ, കുടുംബശ്രീ, കെ.എസ്.പി.ഡി.സി., മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 2017-18 വർഷം 1000

ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകളും തുടർ വർഷങ്ങളിൽ ഘട്ടംഘട്ടമായി ആകെ 5000 യൂണിറ്റുകളും ആരംഭിച്ച് വിലനിയന്ത്രണം സാദ്ധ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരികയാണെന്നും കെ.എസ്.പി.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ കുടുംബശ്രീ യൂണിറ്റുകൾ വഴി നടപ്പിലാക്കി വരുന്ന കോഴിവളർത്തൽ, കോഴിവളർത്തൽ ഗ്രാമം പദ്ധതി, റൂറൽ ബാക്ക്യാർഡ് പദ്ധതി, പട്ടികജാതിക്കാർക്കുവേണ്ടിയുള്ള കോഴി വളർത്തൽ പദ്ധതി എന്നിവയിലൂടെ 69800 മുട്ടക്കോഴികളെ വിതരണം ചെയ്യുന്നതിനുപുറമെ കെപ്കോയുടെ ആഭിമുഖ്യത്തിൽ ആശ്രയ, നഗരപ്രിയ, കുഞ്ഞു കൈകളിൽ കോഴിക്കുഞ്ഞ് എന്നീ പദ്ധതികളും കോൾ നിലങ്ങളിലെ കോഴിവളർത്തൽ, ഇന്റഗ്രേഷൻ പദ്ധതികളും നടപ്പിലാക്കുന്നുണ്ടെന്നും മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകൾ വഴി കേരള വെറ്ററിനറി യൂണിവേഴ്സിറ്റി ഇതര കേന്ദ്ര/കേരള സർക്കാർ ഏജൻസികളുടെ സഹകരണത്തോടെ മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി വീട്ടുവളപ്പിലെ കോഴി കൃഷിക്ക് അനുയോജ്യമായ ജനിതകമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകി 59 ലക്ഷം വിരിയിപ്പ് മുട്ടകളും 49 ലക്ഷം കോഴിക്കുഞ്ഞുങ്ങളെയും ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ടെന്നും സഭയെ അറിയിച്ചു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ബ്രോയിലർ ബ്രീഡർ ഫാമിൽ മേൽത്തരം

ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് സൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്ത് ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം മൃഗസംരക്ഷണ വകുപ്പും കൊല്ലം ജില്ലാ പഞ്ചായത്തും സംയുക്തമായി ആയൂരിലെ തോട്ടത്തറ ഹാച്ചറിയിൽ 5.82 കോടി രൂപ ചെലവഴിച്ച് ഉല്പാദനം കൂട്ടുവാനുള്ള പദ്ധതി പൂർത്തിയാക്കുമെന്നും മലപ്പുറം ജില്ലയിലെ എടവണ്ണയിൽ 3 കോടി രൂപ ചെലവഴിച്ച് പുതിയ ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനം തുടങ്ങുകയും ആതവനാട് കോഴി വളർത്തൽ ഫാമിൽ ഈ വർഷം തന്നെ ഹാച്ചറി പ്രവർത്തനം തുടങ്ങുന്നതിനും നിലവിലുള്ള ഹാച്ചറികൾ നവീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ കോഴിത്തീറ്റ നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. കെ.എസ്.പി.ഡി.സി.യുടെ തൃശ്ശൂർ ജില്ലയിലെ മാളയിൽ നിർമ്മാണത്തിലിരിക്കുന്ന കെപ്കോ കോഴിത്തീറ്റ ഉല്പാദന യൂണിറ്റ് പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് മേൽത്തരം കോഴിത്തീറ്റ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതോടൊപ്പം സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ മേൽനോട്ടത്തിൽ സ്ഥല സൗകര്യം, ഫണ്ട് എന്നിവയുടെ ലഭ്യതയനുസരിച്ച് പുതിയ ഫാമുകൾ സ്ഥാപിക്കുന്നതിനും ഫാമുകളുടെയും ഹാച്ചറികളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

കർഷകർക്ക് മിതമായ നിരക്കിൽ ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ നൽകി 45 ദിവസത്തിനുശേഷം അപ്പോഴത്തെ വില നിശ്ചയിച്ച് തിരിച്ചെടുക്കുകയും ചെയ്യുന്ന പ്രോജക്ട് നടപ്പിലാക്കുന്നതോടുകൂടി ഇറച്ചിക്കോഴികളുടെ ഉൽപ്പാദനത്തിലും വില നിയന്ത്രണത്തിലും ഫലപ്രദമായി ഇടപെടുന്നതോടൊപ്പം അന്യസംസ്ഥാന കച്ചവട ലോബികളിൽ നിന്നും കർഷകരെ രക്ഷിക്കാനും കഴിയുന്നതാണ്. മൃഗസംരക്ഷണവകുപ്പിനു കീഴിലുള്ള എല്ലാ ഫാമുകളിലെയും ദിവസവേതന തൊഴിലാളികളുടെ കുറഞ്ഞ കൂലി ഈ സർക്കാർ വന്നതിനുശേഷം 630/- രൂപയായി തീരുമാനിച്ച് നടപ്പിലാക്കുകയും 21-07-2017-ന് ധനകാര്യവകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളുടെ വില 35/- രൂപയായും കോഴിത്തീറ്റയുടെ വില 30/- രൂപയായും ഇറച്ചിക്കോഴിയുടെ വില 87/- രൂപയായും നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കോഴിവളർത്തൽ കാർഷികവൃത്തിയായി അംഗീകരിക്കുന്നതോടൊപ്പം തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി വി.എച്ച്.എസ്.ഇ. മുഖാന്തിരം ടി മേഖലയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ നടപ്പിലാക്കുന്നതുസംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുമെന്നും കോഴിവിൽപ്പന നികുതി ജി.എസ്.ടി.യുടെ പരിധിയിൽ നിന്നും ഒഴിവായ സാഹചര്യത്തിൽ പരമാവധി വിലകുറച്ച് കോഴിവില്പന നടത്തുന്നതിനും കർഷകർക്ക് കൂടുതൽ ആനുകൂല്യം ലഭ്യമാക്കുന്നതിനും

ആവശ്യമായ നടപടി സ്വീകരിക്കുമെന്നും പകർച്ചവ്യാധിയോ ദുരന്തമോമൂലം വളർത്തുമൃഗങ്ങൾക്ക് നാശനഷ്ടമുണ്ടാകുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന നിലവിലെ പദ്ധതിപ്രകാരം നഷ്ടപരിഹാരവും കുടിശ്ശിക തുകയും കൊടുത്തു തീർക്കുന്നതിന് ഓരോ ജില്ലകൾക്കും തുക അനുവദിച്ചിട്ടുണ്ടെന്നും കോഴികൾക്ക് അമിത വളർച്ചയും തൂക്കവും ലഭിക്കുന്നതിനായി ഹോർമോൺ കുത്തിവയ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയതുസംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി വ്യക്തമാക്കി.

(ചോദ്യകർത്താക്കൾ ചോദ്യം ചോദിക്കാതെ മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ നക്ഷത്രചിഹ്നമിട്ട 362-ാം നമ്പർ ചോദ്യം സഭയിൽ എടുത്തില്ല. തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ അടുത്ത ചോദ്യത്തിലേയ്ക്ക് കടന്നു.)

39 (*363) <u>മിനിമം വേതനം പുതുക്കി നിശ്ചയിക്കുവാൻ നടപടി</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടിയിൽ, 1948-ലെ മിനിമം വേതന നിയമമനുസരിച്ച് 5 വർഷത്തിനകം മിനിമം വേതനം പുതുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 18 തൊഴിൽ മേഖലകളിലെ വേതനം പുതുക്കി നിശ്ചയിക്കുകയും പട്ടികയിൽ പുതുതായി ഉൾപ്പെടുത്തിയ 6 തൊഴിൽ

മേഖലകളിൽ 4 എണ്ണത്തിന്റെ മിനിമം വേതനം 600/- രൂപയായി നിശ്ചയിക്കുകയും കാലാവധി പൂർത്തിയായ 27 തൊഴിൽ മേഖലകളിൽ തെളിവെടുപ്പ് നടത്തി മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സബ്കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുകയും സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതിയെ ചുമതലപ്പെടുത്തുകയും ശേഷിക്കുന്ന മേഖലകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് മിനിമം വേതന ഉപദേശക സമിതിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്നും ഇനിയും മിനിമം വേതനം നിശ്ചയിച്ചിട്ടില്ലാത്ത അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വേതനം പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഓരോ മേഖലയിലേയും സ്ഥിതിഗതികൾ പരിശോധിച്ച് വേതനം പുതുക്കി നിശ്ചയിക്കാത്ത തൊഴിലുടമകൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. കുടുംബശ്രീ ശുചീകരണ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പഠനം നടത്തുന്ന കാര്യം ഗൗരവമായി പരിശോധിക്കുമെന്നും ഗാർഹിക തൊഴിലാളികളെ ഇ.എസ്.ഐ. സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം കേന്ദ്ര ഗവൺമെന്റിന്റെയും ഇ.എസ്.ഐ. കോർപ്പറേഷന്റെയും ശ്രദ്ധയിൽപ്പെടുത്തുമെന്നും തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിംഗിനെ

ശക്തിപ്പെടുത്തി ഇതര സംസ്ഥാന തൊഴിലാളികൾക്ക് മിനിമം കൂലി ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുകയും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുമെന്നും ഫിനാൻസ് ഡിപ്പാർട്ടുമെന്റ് നോട്ടിഫൈ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ്-പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മിനിമം വേതനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്നും പരമ്പരാഗത വ്യവസായ തൊഴിലാളികൾക്ക് പ്രഖ്യാപിച്ച മിനിമം വേതനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും 600/- രൂപയായി വേതനം ഉയർത്തുന്നതിന് സഹായകരമായ നടപടി സ്വീകരിക്കുകയും ചെയ്യുമെന്നും കേരളത്തിൽ 80 മേഖലകളാണ് മിനിമം വേതന നിയമത്തിന്റെ പരിധിയിൽ വരുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(ചോദ്യകർത്താക്കൾ ചോദ്യം ചോദിക്കാതെ മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ നക്ഷത്രചിഹ്നമിട്ട 364-ാം നമ്പർ ചോദ്യം സഭയിൽ എടുത്തില്ല.)

40(*365) <u>പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി സാമൂഹ്യക്ഷേമ പരിപാടികൾ</u>

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) നൽകിയ മറുപടിയിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന വിവാഹ-മിശ്രവിവാഹ ധനസഹായങ്ങൾ 75,000/- രൂപയാക്കി

വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി വാങ്ങാൻ ഗ്രാമപഞ്ചായത്തിൽ 5 സെന്റിന് 3,75,000/- രൂപയും നഗരസഭകളിൽ 3 സെന്റിന് 4,50,000/- രൂപയും കോർപ്പറേഷനിൽ 3 സെന്റിന് 6 ലക്ഷം രൂപയും നൽകുന്നതിനുപുറമെ ഭവനനിർമ്മാണ ഗ്രാന്റിനത്തിൽ 3,00,000/- രൂപയുടെ പ്രത്യേക പുനരധിവാസ പദ്ധതിയിൽപ്പെടുത്തി ദുർബല സമുദായങ്ങൾക്ക് വീട് വയ്ക്കുന്നതിന് 3,50,000/- രൂപയും സ്ഥലം വാങ്ങുന്നതിന് 3,75,000/- രൂപയും നൽകുന്നുണ്ടെന്നും പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ച ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതിക്കാരുടെ സാധാരണ ചികിത്സയ്ക്ക് 50,000/- രൂപയും മാരക രോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായമായി ഒരു ലക്ഷം രൂപവരെയും ഒരു ലക്ഷം രൂപയിൽ കവിഞ്ഞുള്ള ചികിത്സാ ധനസഹായം വകുപ്പുതല ശിപാർശയുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലുൾപ്പെടുത്തി അനുവദിക്കുകയും ചെയ്യുന്നതോടൊപ്പം സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം, ഭവനപുനരുദ്ധാരണം/അഡീഷണൽ റൂം ധനസഹായ പദ്ധതി, വിജ്ഞാൻവാടി, ഹോമിയോ ഹെൽത്ത് സെന്റർ, വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം എന്നിവ നടപ്പിലാക്കുകയും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം വിവിധ സമഗ്ര ആരോഗ്യ - പാർപ്പിട - ഭക്ഷ്യ - വൈദ്യുതീകരണ - വിദ്യാഭ്യാസ -

സ്കോളർഷിപ്പ് - തൊഴിൽ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കുന്ന പുനരധിവാസ പദ്ധതികളിലൂടെ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ആദിവാസി പുനരധിവാസ വികസന മിഷൻ പ്രകാരം നാളിതുവരെ 7718 പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി 9737.49 ഏക്കർ ഭൂമിയും ഇടുക്കി, വയനാട് പ്രദേശങ്ങളിൽ 5 ഏക്കർ ഭൂമി വീതവും മറ്റ് സ്ഥലങ്ങളിൽ ഒരേക്കർ ഭൂമി വീതവും റവന്യൂ ഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഒരേക്കറിൽ കുറവ് ഭൂമിയും നൽകിയിട്ടുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അനുമതി ലഭിച്ച നിക്ഷിപ്തവനഭൂമി വിതരണം, ഭൂമി വാങ്ങി നൽകൽ എന്നിവയിലൂടെയും വനാവകാശ നിയമപ്രകാരവും ഭൂമി നൽകുന്നതിന് കർശനവും സമയബന്ധിതവുമായ നടപടി സ്വീകരിക്കുകയും 1011 പേർക്ക് 1341.36 ഏക്കർ ഭൂമി നൽകുകയും നിക്ഷിപ്തവനഭൂമി സർവ്വെ നടത്തുന്നതിന് സ്പെഷ്യൽ ടീമിനെ നിയോഗിച്ചതിനുപുറമെ ഭൂമി വാങ്ങി നൽകൽ പദ്ധതിയിലെ ആക്ഷേപങ്ങൾ ഒഴിവാക്കുന്നതിനായി പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുകയും വനാവകാശ നിയമം നടപ്പിലാക്കുന്നതിന് റവന്യൂ-വനം വകുപ്പുമന്ത്രിമാരുമായി ചർച്ച നടത്തി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഓരോ മണ്ഡലത്തിലും 40-ൽ കൂടുതൽ കുടുംബങ്ങളുള്ള രണ്ട്

അംബേദ്കർ സെറ്റിൽമെന്റ് കോളനികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും താമസയോഗ്യമല്ലാത്ത വീടുകൾ നവീകരിക്കുന്നതിനും ടി കോളനികളിൽ രണ്ട് ലക്ഷം രൂപ ചെലവഴിച്ച് പട്ടികജാതി വിഭാഗക്കാർക്ക് അയ്യായിരം പഠനമുറികളും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 100 സാമൂഹ്യ പഠനമുറികളും നിർമ്മിക്കുന്നതിനും വിജ്ഞാൻവാടികൾ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചേലക്കര മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ പെൺകുട്ടികളെക്കൂടി അക്കോമൊഡേറ്റ് ചെയ്യാവുന്ന തരത്തിൽ പശ്ചാത്തല സൗകര്യമൊരുക്കുകയോ ആവശ്യമെങ്കിൽ അതിനായി ഒരു പ്രത്യേക ബ്ലോക്ക് രൂപീകരിക്കുകയോ ചെയ്യുന്നതിനുപുറമെ സംസ്ഥാനത്തൊട്ടാകെയുള്ള എം.ആർ.എസ്.കളിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്ഥിരം അദ്ധ്യാപക നിയമനം സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുകയും പഞ്ചായത്തുകളെയും പ്രൊമോട്ടർമാരേയും ഉൾപ്പെടുത്തി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും അക്ഷയ/ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും ചെയ്യുന്നതാണ്. സ്വകാര്യ മേഖലയിൽ ഡിഗ്രി/പി.ജി./പ്രൊഫഷണൽ കോഴ്സുകളിൽ പഠിച്ചിരുന്ന പട്ടികജാതി/പട്ടികവർഗ്ഗ

വിദ്യാർത്ഥികൾക്ക് ഫീസ് കുടിശ്ശിക നിലനിൽക്കുന്നുണ്ടെങ്കിൽ എഴുതി നൽകിയാൽ പ്രത്യേകം പരിശോധിച്ച് നടപടി സ്വീകരിക്കുമെന്നും പാരലൽ വിദ്യാർത്ഥികളുടെ ഫീസ് കുടിശ്ശിക പൂർണ്ണമായി വിതരണം ചെയ്തുകഴിഞ്ഞുവെന്നും അടുത്ത വർഷം മുതൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഓണപ്പുടവ വിതരണം ചെയ്യുന്നതിനെക്കുറിച്ച് വിശദമായി പരിശോധിക്കുമെന്നും വന്യമൃഗശല്യമുണ്ടാകുന്ന അതിരപ്പിള്ളി പഞ്ചായത്തിലെ വാച്ചുമരം, ആനക്കയം, ഷോളയാർ എന്നീ ഊരുകളിൽ വീടുവയ്ക്കുന്നതിനും കൃഷി ചെയ്യുന്നതിനും ഭൂമി ലഭ്യമാക്കുന്നതുസംബന്ധിച്ച് ഗൗരവമായി പരിശോധിക്കുന്നതാണെന്നും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലൈഫ് പദ്ധതിയിലൂടെ വീട് നിർമ്മിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമെന്നും എസ്.സി./എസ്.ടി. അട്രോസിറ്റീസ് ആക്ട് പ്രാബല്യത്തിൽ വന്നതോടുകൂടി സംസ്ഥാനത്ത് ദളിത് പീഡനനിരക്ക് കുറഞ്ഞിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നടുത്തളത്തിലിരുന്ന യു.ഡി.എഫ്. അംഗങ്ങൾ ഡയസിനുമുന്നിൽ വന്ന് പ്ലക്കാർഡും ബാനറും ഉയർത്തി സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

41(*366) വന-പരിസ്ഥിതി സംരക്ഷണം

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെയും വനസംരക്ഷണം നടത്തുന്നുണ്ടെന്നും കാട്ടുതീമൂലം സ്വാഭാവിക വനങ്ങൾ നശിക്കാതിരിക്കാൻ ഫയർ ലൈനുകൾ നിർമ്മിക്കുകയും ഫയർ വാച്ചർമാരെ നിയോഗിക്കുകയും ചെയ്യുന്നുണ്ടെന്നും  കാവു സംരക്ഷണത്തിന് ധനസഹായം നൽകൽ, കുരുവിക്കൊരു കൂട്, വനമിത്ര, പ്രകൃതി മിത്ര അവാർഡുകൾ നൽകൽ, സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് ധനസഹായം നൽകൽ, നക്ഷത്ര വനം, ഹെർബൽ ഗാർഡൻ, നദീതീരങ്ങളിൽ മുള നട്ടുവളർത്തുന്ന പദ്ധതി, ആവാസ വ്യവസ്ഥാ സംരക്ഷണ പ്രവർത്തനങ്ങൾ, കടലാമ സംരക്ഷണ പ്രവർത്തനങ്ങൾ, വഴിയോരത്തണൽ, പക്ഷി സർവ്വേ, സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരണം എന്നീ പരിപാടികൾ നടത്തുന്നതിനുപുറമെ പരിസ്ഥിതി ദിനത്തിൽ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പരിസ്ഥിതി സംരക്ഷണത്തിനും വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനുമായി പരിസ്ഥിതി പഠനക്യാമ്പുകളും സെമിനാറുകളും റാലികളും സംഘടിപ്പിക്കുന്നതോടൊപ്പം എന്റെ

മരം, നമ്മുടെ മരം പദ്ധതികൾ പ്രകാരം വിവിധയിനം തൈകൾ സൗജന്യമായി വിതരണം ചെയ്യുകയും കണ്ടൽക്കാടുകളെ സംരക്ഷിക്കാൻ കണ്ടൽ തൈകളുടെ ഉൽപാദനം, നട്ടുപിടിപ്പിക്കൽ എന്നിവയും കായൽ ജലം മലിനമാകാതിരിക്കാൻ മാലിന്യ നിർമ്മാർജ്ജന പരിപാടികൾ, ശുചിത്വ പദ്ധതികൾ, മത്സ്യസമ്പത്ത്, പക്ഷിസമ്പത്ത് എന്നിവ വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ, വിപുലമായ ബോധവത്കരണ പരിപാടികൾ എന്നിവ നടപ്പിലാക്കുകയും പുതിയ കണ്ടൽക്കാടുകൾ വളർത്തിയെടുക്കുന്നതിനും നിലവിലുള്ളവ വ്യാപിപ്പിക്കുന്നതിനുമായി കണ്ടൽ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുകയും കൂടുതൽ സ്ഥലത്ത് കണ്ടൽ ചെടികൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും കണ്ടൽവനങ്ങൾ റിസർവ് വനമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ടെന്നും വനത്തെക്കുറിച്ച് ഗഹനമായി അറിയുന്നതിനും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനുമായി സ്പീക്കറുടെ അനുവാദത്തോടുകൂടി താൽപ്പര്യമുള്ള എം.എൽ.എ.മാർക്കായി 'കാടറിയൽ' എന്നൊരു പരിപാടി സംഘടിപ്പിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. സംസ്ഥാനത്ത് 30 വനം ഡിവിഷനുകളുടെ കീഴിലായി വനാശ്രിത സമൂഹങ്ങളുടെ കൂട്ടായ്മയായ വനസംരക്ഷണ സമിതികളുടെ നേതൃത്വത്തിൽ 60 ഇടങ്ങളിൽ പങ്കാളിത്ത ഇക്കോടൂറിസം നടപ്പാക്കുന്നതിനുപുറമെ കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ & ടൂറിസം സ്റ്റഡീസ് (KITTS) എന്ന സ്ഥാപനം വഴി പരിശീലനം

സിദ്ധിച്ച ആദിവാസി വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾ സന്ദർശകർക്ക് പരിസ്ഥിതി സംരക്ഷണ അവബോധം നൽകുകയും കാനന യാത്രകളിൽ സന്ദർശകർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് 23 വന വികാസ ഏജൻസികളുടെ കീഴിലായി 2 മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 37 വനശ്രീ ഇക്കോ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. വനശ്രീ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വനശ്രീ യൂണിറ്റുകളുടെ എണ്ണം 100 ആയി വർദ്ധിപ്പിക്കുകയും വന വിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം, സംഭരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവയ്ക്കായി ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഗോഡൗണുകൾ, സംസ്കരണ ശാലകൾ, ഓൺലൈൻ വിപണന സൗകര്യം എന്നിവയും ഒരുക്കുന്നുണ്ട്. സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയും കണ്ടൽത്തൈകളുടെ ഉത്പാദനവും നട്ടുപിടിപ്പിക്കലും വിതരണവും ഏറ്റെടുത്ത് നടപ്പിലാക്കുന്ന ഫോറസ്റ്റ് ഡിവിഷനുകളും നിലവിലുണ്ടെന്നും ഫോറസ്റ്റ് വകുപ്പിന് വിട്ടുനൽകാൻ തയ്യാറുള്ള സ്വകാര്യ ഭൂമിയിലെ കണ്ടൽക്കാടുകൾ ഏറ്റെടുത്ത് സംരക്ഷിക്കാൻ ഫോറസ്റ്റ് വകുപ്പ് തയ്യാറാണെന്നും ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3878 മുതൽ 4088 വരെയുള്ള ചോദ്യങ്ങളിൽ 195 എണ്ണത്തിനും ബന്ധപ്പെട്ട

മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)